## പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 603 19.3.2013 ലെ മറുപടിക്ക്

## ചരക്ക്-സേവന നികുതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. ജോസഫ് വാഴക്കൻ<br>ശ്രീ. റ്റി.എൻ, പ്രതാപൻ<br>ശ്രീ. എ.റ്റി. ജോർജ്<br>ശ്രീ. എം. പി. വിൻസെന്റ് | | ശ്രീ. കെ.എം. മാണി<br>(ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പു മന്ത്രി) |
| (എ) | ചരക്ക്-സേവന നികുതി (ജി.എസ്.ടി) നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദമാക്കുമോ ; | (എ) | അഖിലേന്ത്യാടിസ്ഥാനത്തിൽ ജി.എസ്.ടി. നടപ്പിലാക്കുന്നതിനെ കുറിച്ച് ചർച്ച ചെയ്തു വരുന്നതേയുള്ളൂ. ജി.എസ്.ടി. നടപ്പിലാക്കുന്നതിനുള്ള ഭരണഘടന ഭേദഗതി ബിൽ പാർലമെന്റിൽ അവതരിപ്പിച്ചു. അത് ഇപ്പോൾ പാർലമെന്ററി സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പരിഗണനയിലാണ്. |
| (ബി) | ഇതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; | (ബി) & (സി) | പ്രാപ്യ സ്ഥാനത്ത് നികുതി ലഭിക്കുന്ന സമ്പ്രദായമായതിനാലും സർവീസ് മേഖല കൂടി ഉൾപ്പെട്ട നികുതി ഘടനയായതിനാലും ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിന് ജി.എസ്.ടി. നേട്ടമാകുമെന്ന് പ്രതീക്ഷിക്കുന്നു. കൂടാതെ ഉല്പാദകൻ മുതൽ അവസാന ഉപഭോക്താവ് വരെയുള്ള ഒരു തുടർ ശൃംഖല സൃഷ്ടിച്ച് മുഴുവൻ ശൃംഖലയിലും സെറ്റ് ഓഫ് ലഭിക്കുന്ന വിധത്തിലാണ് ജി.എസ്.ടി. രൂപകല്പന ചെയ്തിട്ടുള്ളത്. |

| | | | |
|---|---|---|---|
| (സി) | ഇത് നടപ്പാക്കുന്നതുമൂലം എന്തെല്ലാം നേട്ടങ്ങളാണ് ലഭിക്കുന്നത് ; | | ഇതിനായി ഉല്പന്നങ്ങളുടെയും സേവനങ്ങളുടേയും മേൽ നിലവിലുള്ള കേന്ദ്ര സംസ്ഥാന നികുതി നിരക്കുകൾ ഏകീകരിക്കുന്നതാണ്. അതിനാൽ ജി.എസ്.ടി. നടപ്പിലാക്കുമ്പോൾ വിവിധ നികുതിക്കുമേൽ നികുതി എന്ന അവസ്ഥ മാറുന്നതിനാൽ ഉല്പന്നങ്ങളുടെ മേലുള്ള നികുതി ഭാരം ഗണ്യമായി കുറയുമെന്നും അതുവഴി ആവശ്യ സാധനങ്ങളുടെ വില കുറയുമെന്നും പ്രതീക്ഷിക്കുന്നു. |
| (ഡി) | ജി.എസ്.ടി നടപ്പാക്കുന്നത് സംബന്ധിച്ച് കേന്ദ്ര - സംസ്ഥാന ധാരണയായിട്ടുണ്ടോ ; | (ഡി) | ഇല്ല. ജി.എസ്.ടി. നടപ്പിലാക്കുന്നത് സംബന്ധിച്ച് കേന്ദ്രവും സംസ്ഥാനങ്ങളും തമ്മിൽ ചർച്ച നടത്തി വരുന്നു. |
| (ഇ) | സംസ്ഥാനത്തിന്റെ സാമ്പത്തിക വളർച്ചയ്ക്ക് അനുകൂലമായ രീതിയിൽ ഇത് എപ്രകാരം നടപ്പിലാക്കുവാനാണ് ഉദ്ദേശിക്കുന്നത് ? | (ഇ) | പ്രാപ്യ സ്ഥാനത്ത് നികുതി ലഭിക്കുന്ന സമ്പ്രദായമായതിനാലും സർവീസ് മേഖല കൂടി ഉൾപ്പെട്ട നികുതി ഘടനയായതിനാലും ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിന് ജി.എസ്.ടി. നേട്ടമാകുമെന്ന് പ്രതീക്ഷിക്കുന്നു. ജി.എസ്.ടി. നടപ്പിലാക്കുന്നതിനെ കുറിച്ചുള്ള ചർച്ചകൾ നടന്നുവരുന്നതേയുള്ളൂ. ഭരണഘടനാ ഭേദഗതി ബിൽ പാർലമെന്റ് പാസ്സാക്കിയ ശേഷമേ ഇതിന്റെ തുടർ നടപടികൾ തുടങ്ങുകയുള്ളൂ. |

സെക്ഷൻ ഓഫീസർ